റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സിന്റെ പ്രവർത്തനങ്ങൾ

46 (494) ശ്രീ. എൻ. രാജൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാദമി ഫോർ കരിയർ ഹൈറ്റ്സ് (റീച്ച്)-ന്റെ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം ;

(ബി) ഈ സ്ഥാപനത്തിൽ ഏതെല്ലാം കോഴ്സുകളിലേക്കാണ് പ്രവേശനം നൽകുന്നത് ;

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര പേർക്ക് പരിശീലനം നൽകി ;

(ഡി) റീച്ച് പ്രവർത്തനം വ്യാപകമാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അക്കാഡമിക് യോഗ്യത നേടിയ പെൺകുട്ടികളെ തൊഴിൽ മേഖലയിലുള്ള മത്സരം നേരിടുന്നതിന് പ്രാപ്തമാക്കുന്ന രീതിയിൽ ഫിനിഷിംഗ് സ്കൂൾ പരിശീലനം നൽകുകയാണ് പ്രധാന പ്രവർത്തനം. റീച്ചിലെ 70% സീറ്റുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അപേക്ഷകർക്കും 30% സീറ്റുകൾ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുമായി സംവരണം ചെയ്തിട്ടുണ്ട്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 100% തൊഴിൽ ഉറപ്പ് വാഗ്ദാനം ചെയ്തിട്ടുണ്ട്.

(ബി) 1. ബി.എഡ് കഴിഞ്ഞവർക്ക് ഇൻഫർമേഷൻ ടെക്നോളജി ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം.

2. നഴ്സിംഗ് കഴിഞ്ഞവർക്ക് IELTS ഉൾപ്പെടയുള്ള പരിശീലനം.

3. ഡിഗ്രി കഴിഞ്ഞവർക്ക് ഓഫീസ് അസിസ്റ്റന്റ് ആകുന്നതിനുള്ള പരിശീലനം (ടാലി ഉൾപ്പെടെ)

4. ഡിഗ്രി കഴിഞ്ഞവർക്ക് കസ്റ്റമർകെയർ എക്സിക്യൂട്ടീവ് ആകുന്നതിനുള്ള പരിശീലനം.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പരിശീലനം നൽകിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു :

1. ബി.എഡ് കഴിഞ്ഞവർക്ക് ഇൻഫർമേഷൻ ടെക്നോളജി ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്ന കോഴ്സ്വഴി 40 പേർക്ക് പരിശീലനം നൽകി.
2. നഴ്സിംഗ് കഴിഞ്ഞവർക്ക് IELTS ഉൾപ്പെടെയുള്ള പരിശീലനം-23 പേർക്ക് നൽകി.
3. ഡിഗ്രി കഴിഞ്ഞവർക്ക് ഓഫീസ് അസിസ്റ്റന്റ് ആകുന്നതിനുള്ള പരിശീലനം-65 പേർക്ക് നൽകി.
4. ഡിഗ്രി കഴിഞ്ഞവർക്ക് കസ്റ്റമർകെയർ എക്സിക്യൂട്ടീവ് പരിശീലനം-29 പേർക്ക് നൽകി.

(ഡി) റീച്ചിന്റെ പ്രവർത്തനം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ ഒരു ഫിനിഷിംഗ് സ്കൂൾകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണം

47 (496) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ബി) ഫിസിയോതെറാപ്പിയെ പ്രത്യേകവിഭാഗമായി പരിഗണിച്ച് അതിന് മാത്രമായി സ്കൂൾ ഓഫ് ഫിസിയോതെറാപ്പി സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഫിസിയോതെറാപ്പി കൗൺസിലുകൾ നിലവിലുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മെഡിക്കൽ യൂണിവേഴ്സിറ്റി നിയമത്തിൽ ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരിക്കുന്നതിനാവശ്യമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. ഫിസിയോതെറാപ്പിസ്റ്റുകൾക്ക് രജിസ്റ്റർ ചെയ്യുവാൻ ന്യൂഡൽഹി ആസ്ഥാനമായി റീഹാബിലിറ്റേഷൻ കൗൺസിൽ ഉണ്ട്.

(ബി) ഫിസിയോതെറാപ്പി ഒരു പ്രത്യേക വിഭാഗമല്ല. സമഗ്ര പുനരധിവാസ പ്രക്രിയയുടെ അവിഭാജ്യ ഘടകം മാത്രമാണ്. അതിനാൽ പ്രത്യേക കൗൺസിൽ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly